**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6804</u>** **<u>21-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>വിട്ടുകൊടുത്ത ഭൂമിയുടെ അളവ് റവന്യൂ രേഖകളിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റോഡ് വീതി കൂട്ടുന്നതുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്കായി ജനങ്ങൾ സൗജന്യമായി ഭൂമി വിട്ടുകൊടുക്കുമ്പോൾ ഉടമസ്ഥന്റെ റവന്യൂ രേഖകളിൽ പ്രസ്തുത ഭൂമിയുടെ അളവ് ഒഴിവാക്കി മാറ്റം വരുത്തി നൽകാനുള്ള സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (എ) | റോഡ് വീതി കൂട്ടുന്നതുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾക്കായി ജനങ്ങൾ സൗജന്യമായി ഭൂമി വിട്ടുകൊടുക്കുമ്പോൾ ഉടമസ്ഥന്റെ റവന്യൂ രേഖകളിൽ പ്രസ്തുത ഭൂമിയുടെ അളവ് ഒഴിവാക്കി മാറ്റം വരുത്തി നൽകാനുള്ള സംവിധാനം നിലവിലുണ്ട്.<br><br>കേരള ഭൂമി വിട്ടൊഴിയൽ ചട്ടങ്ങൾ, 1958 ചട്ടം 10 പ്രകാരം, റവന്യൂ ഡിവിഷണൽ ഓഫീസർ വിട്ടൊഴിയൽ സ്വീകരിച്ച കൊണ്ടുള്ള ഉത്തരവ് പാസാക്കിയ ശേഷം അങ്ങനെ വിട്ടൊഴിഞ്ഞ ഭൂമി നേരത്തെ കൈവശത്തിലെടുത്തിട്ടുള്ളതല്ലെങ്കിൽ അത് ആ താലൂക്കിലെ തഹസിൽദാർ കൈവശം എടുക്കേണ്ടതും അങ്ങനെ വിട്ടൊഴിയലിലൂടെ ഏറ്റെടുത്തിട്ടുള്ള ഭൂമിയ്ക്ക് ചുമത്തിയിട്ടുള്ള ഭൂനികുതി എഴുതി തള്ളാൻ തഹസിൽദാർക്ക് ക്ഷമതയുണ്ടായിരിക്കുന്നതും, റവന്യൂ രേഖകളിൽ അതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്താൻ ഇടയാക്കുകയും ചെയ്യേണ്ടതുമാണെന്നും വിവക്ഷിച്ചിട്ടുള്ളതാണ്. കേരള ഭൂമി വിട്ടൊഴിയൽ ചട്ടങ്ങൾ, 1958 ചട്ടം 10 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച വരുന്നു |

സെക്ഷൻ ഓഫീസർ

| അപേക്ഷകൾ | തരം മാറ്റം അനുവദിച്ച അപേക്ഷകൾ | തരം മാറ്റം നിരസിച്ച അപേക്ഷകൾ | തീർപ്പാക്കാൻ അവശേഷിക്കുന്ന അപേക്ഷകൾ |
|---|---|---|---|
| ഫോറം 5 | 1928 | 654 | 1234 |
| ഫോറം 6 | 341 | 12 | 473 |
| ഫോറം 7 | 25 | 0 | 70 |
| ഫോറം 9 | 0 | 0 | 8 |
| ആകെ | 2294 | 666 | 1785 |